# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1658 | 01.11.2019 ലെ മറുപടിക്ക്

**<u>അനധികൃത കെട്ടിടനിർമ്മാണത്തിനു അനുമതി നൽകുന്നുവെന്ന പരാതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട വികസനം നടക്കുന്ന പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള ഭാഗത്ത് പള്ളിച്ചൽ പഞ്ചായത്ത് അധികൃതർ അനധികൃത കെട്ടിട നിർമ്മാണത്തിനു അനുമതി നൽകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | പഞ്ചായത്ത് ഡയറക്ടർ വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ കരമന-പ്രാവച്ചമ്പലം റോഡിന് ഇരുവശത്തുമുള്ള വ്യാപാര സ്ഥാപനങ്ങൾക്കും വീടുകൾക്കും ലൈസൻസും മറ്റു രേഖകളും നൽകിയിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾ ദേശീയപാത അതോറിറ്റിയുടെ അനുമതി കൂടാതെ പുതുക്കി പണിയുന്നതായും പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ പണിയുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്തിൽ നിന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. പുതുതായി ലഭിക്കുന്ന അപേക്ഷകളിന്മേൽ പൊതുമരാമത്ത് വകുപ്പ്, ദേശീയപാത അതോറിറ്റി എന്നിവരുടെ നിരാക്ഷേപപത്രം വാങ്ങിയാണ് നിലവിൽ നിർമ്മാണാനുമതി നൽകി വരുന്നത്. |
| (സി) | കോടതിയിൽ കേസ് നിലനിൽക്കുന്ന കെട്ടിടങ്ങൾക്കും, അനധികൃതമായി നിർമ്മിച്ചെന്ന് കണ്ടെത്തി പൊളിച്ചുമാറ്റാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാൻ ഉത്തരവിട്ട കെട്ടിടങ്ങൾക്കും വരെ പള്ളിച്ചൽ പഞ്ചായത്ത് അധികൃതർ നികുതി ഈടാക്കി നമ്പർ നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | കോടതിയിൽ കേസ് നിലനിൽക്കുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നമ്പർ നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**